# M.J.S.S.A. വാർഷിക പരീക്ഷ - 2021

**Class VIII** **Marks - 50**
**Time - 1.00 Hr**

**ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എഴുതുക** **1x10= 10**

1. വലിയ പ്രവാചകന്മാരുടെ ഗ്രന്ഥങ്ങൾ എത്ര ? (12, 4, 16 )
2. ക്രിസ്തുവിനെപ്പറ്റി ഏറ്റവും കൂടുതൽ പ്രവചിച്ചിട്ടുള്ളത് ഏത് പ്രവാചകനാണ് ? ( ഹോശായ, യോവേൽ, ഏശയാ )
3. എറമിയ പ്രവാചകന്റെ പിതാവിന്റെ പേര് ? ( യോഹന്നാൻ, ഹൽക്കിയ, ലേവി )
4. ഉയർന്ന മലയിൽ നട്ടിരിക്കുന്ന ദേവദാരു വൃക്ഷം എന്നു മ്ശിഹായെ അവതരിപ്പിക്കുന്ന പ്രവാചകൻ ആര് ? ( യോവേൽ, ദാനിയേൽ, ഹസ്ക്കിയേൽ )
5. അവസാനം രചിക്കപ്പെട്ട സുവിശേഷം (വി.മത്തായി , വി.യോഹന്നാൻ, വി.മർക്കോസ് )
6. വൈദ്യനും ചിത്രകാരനും ആയിരുന്ന സുവിശേഷകൻ ? ( വി.മർക്കോസ്, വി. ലൂക്കോസ്, വി.യോഹന്നാൻ )
7. യേശു പുതിയ നിയമ പെസഹ സ്ഥാപിച്ചത് എവിടെ വച്ച് ? ( അന്ത്യോഖ്യാ , നിഖ്യാ, സെഹിയോൻ മാളിക)
8. ധൂപകുറ്റിക്ക് എത്ര ചങ്ങലകൾ ഉണ്ട് (6, 2, 4)
9. മുളന്തുരുത്തി സുന്നഹദോസ് വിളിച്ചു ചേർത്ത പാത്രിയർക്കീസ് ആര് ? ( പരി.ഏലിയാസ് തൃതിയൻ ബാവ, പരി.പത്രോസ് തൃതിയൻ ബാവ, പരി. അപ്രേം ഒന്നാമൻ ബാവ )
10. "പരിശുദ്ധാത്മാവിന്റെ മുരളി "എന്ന അപരനാമമുള്ള പിതാവാര് ? (സ്രൂഗിലെ മോർ യാക്കോബ് , മോർ യാക്കോബ് ബുർദ്ദാന, മോർ ബാലായി )

**പേരെഴുതുക.** **1x10= 10**

11. ഏവൻഗേലിയോൻ എന്ന വാക്കിന്റെ അർത്ഥം ?
12. ന്യായവിധിയുടെ പ്രവാചകൻ ?
13. വി. ആരാധനയിൽ ത്രോണോസിന് ചുറ്റും നിൽക്കുന്ന മാലാഖമാരെ സൂചിപ്പിക്കുന്ന ദൈവാലയ ഉപകരണം ?
14. നമ്മുടെ സഭയുടെ ഇപ്പോഴത്തെ ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ പേര് ?
15. യേശുവിന്റെ മുന്നോടി ?
16. വേദപുസ്തകത്തിന്റെ കൊച്ചു പതിപ്പ് ?
17. ജൂലൈ 3 ദുഃഖ്റോനൊ ആരുടെ ഓർമ്മ ?
18. വി.യോഹന്നാൻ, സുവിശേഷം എഴുതിയത് എവിടെ വച്ച് ?
19. ഇർവിൻ പ്രഭുവിന്റെ ക്ഷണപ്രകാരം ഇന്ത്യയിലേക്ക് യാത്ര തിരിച്ച പരി. പാത്രിയർക്കീസ് ബാവ ?
20. കേദാർ നദി തിരത്ത് നിൽക്കുമ്പോൾ പ്രവചന വരം ലഭിച്ച പ്രവാചകൻ ?

**പുസ്തകത്തിലെ പോലെ പൂരിപ്പിക്കുക.** **1x10= 10**

21. പ്രവാചകൻമാർ ദൈവത്തെ മനുഷ്യർക്ക് വെളിപ്പെടുത്തികൊടുത്ത ............................................ ആയിരുന്നു
22. ക്രിസ്തുവിനെ പുതിയ..........................................യായി വി. മത്തായി വെളിപ്പെടുത്തുന്നു
23. ....................................................... സമാധാനത്തിന്റെ പെരുന്നാളാണ്.
24. ത്രോണോസിന്റെ നടുവിൽ കിഴക്കേ അറ്റത്ത് ................................ ന്റെ പ്രതീകമായി വി.സ്ലീബാ നാട്ടിയിരിക്കണം
25. സ്ലീബാപെരുന്നാൾ മുതൽ .................................... വരെയുള്ള കാലഘട്ടത്തെയാണ് സ്ലീബാകാലം എന്നു പറയുന്നത്
26. ദുഃഖശനിയാഴ്ച നമ്മുടെ ...................................... പതാളത്തിൽ പോയി തടവിലുള്ള ആത്മാക്കളോട് സുവിശേഷം അറിയിച്ചതിന്റെ ഓർമ്മയാണ്.
27. റോമൻപടയാളികൾ യേശുവിനെ ക്രൂശിക്കുന്നതിനായി യെരുശലേം നഗരത്തിനു പുറത്തുള്ള............................ ലേക്കു കൊണ്ടു പോയി.
28. ജാതികളുടെ ഇടയിൽ യേശു ...............................................എന്നു വരച്ചു കാണിക്കുകയാണ് സുവിശേഷത്തിന്റെ ലക്ഷ്യം
29. കർത്താവേ രക്ഷിക്കണമേ എന്നർത്ഥമുള്ള ..................................................... പദമാണ് 'ഓശാന'
30. സന്നീദ്രീം എന്നതിന് ..................................................................എന്നർത്ഥം.

**ചേരുംപടി ചേർക്കുക** **1x5= 5**

| | |
|---|---|
| 31. പെസഹ | - ലേവി |
| 32. ദെബോര | - സ്ലീബ പെരുന്നാൾ |
| 33. സെപ്തംബർ 14 | - മുളന്തുരുത്തി പള്ളി |
| 34. വി.മത്തായി | - പ്രവാചകി |
| 35. വി. മൂറോൻ കൂദാശ | - കടന്നു പോക്ക് |

**അർത്ഥം അഥവ സമാന പദം എഴുതുക.** **1x5= 5**

36. തുയോബോ , 37. സെഫന്യാ, 38. ക്യംതാ, 39. ഹൂത്തോമൊ, 40. യോന

**ആരാധനാഗീതം പൂരിപ്പിക്കുക.** **4**

41. ദൈവത്തിൻ പുത്രനെ മറിയാ - മുത്ഥാനത്തിൻ ...........................................
കർത്താവുത്ഥാനം ചെയ്തെ - ന്നാ ശ്ലീ- ഹന്മാരെ ബാറക്മോർ

**പ്രാർത്ഥന പൂർത്തീകരിക്കുക.** **6**

42. സ്വർഗ്ഗസ്ഥനായ രാജാവേ ! ................... കർത്താവേ ! നിനക്കു സ്തുതി ആമീൻ.